## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2005**

**05.12.2018-ൽ മറുപടിക്ക്**

## നവകേരള പുനർ നിർമ്മാണപ്രക്രിയയിലെ മുൻഗണന

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ്**

(എ) പ്രളയത്തിന് ശേഷമുള്ള നവകേരള പുനർനിർമ്മാണ പ്രക്രിയയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നതെന്ന് വിശദീകരിക്കാമോ;

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസ ത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA. ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക വാണിജ്യ നഗര കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകൾക്കും പ്രത്യേക പദ്ധതികൾ, തുടങ്ങിയവയെല്ലാം

| | |
|---|---|
| | ഉൾപ്പെടുന്നു. പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ.വി.വേണു ഐ.എ.എസിനെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. |
| (ബി) കിഫ്ബി പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം പുനർനിർമ്മാണ പ്രക്രിയയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കിഫ്ബി പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം മാറ്റാൻ ഇതുവരെ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല. |
| (സി) കിഫ്ബിയിലൂടെ 5 വർഷം കൊണ്ട് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക നവകേരള പുനർനിർമ്മാണ പ്രക്രിയയ്ക്ക് വേണ്ടി മാറ്റി വയ്ക്കുവാൻ കഴിഞ്ഞാൽ നിലവിൽ ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സാധിക്കുകയില്ലെന്ന് വിശദമാക്കുമോ? | (സി) 2016-17 മുതൽ 2020-21വരെയുള്ള കാലയളവിൽ കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്നതിനായി ഏകദേശം 50,000 കോടി രൂപയിൽക്കവിഞ്ഞ പദ്ധതികൾ സമർപ്പിക്കപ്പെട്ടു കഴിഞ്ഞു. ഇതിൽ 2018 ഒക്ടോബർ വരെ 39,707,73 കോടി രൂപയുടെ 466 പദ്ധതികൾ അംഗീകരിക്കുകയും അവയിൽ 5522.6 കോടി രൂപയുടെ 176 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7791.05 കോടി രൂപയുടെ 225 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ ഭൂരിപക്ഷവും കേരളത്തിന്റെ അടിസ്ഥാന സൗകര്യമേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമായതിനാൽ മാറ്റിവയ്ക്കാൻ കഴിയാത്തവയാണ്. കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്ന വൻകിടപദ്ധതികൾ പലതും പുനർനിർമ്മാണ പ്രക്രിയയ്ക്ക് ഉപകരിക്കുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**